# Desabhimani
# 13 July 2018
# Nedumbassery: Camps Evacuated



## നെടുമ്പാശേരി, ചെങ്ങമനാട് ക്യാമ്പുകൾ ഒഴിഞ്ഞു

**നെടുമ്പാശേരി**

വെള്ളമിറങ്ങിത്തുടങ്ങിയതോടെ ആലുവാ താലൂക്കിലെ പ്രധാന ദുരിതാശ്വാസ ക്യാമ്പുകളിൽനിന്ന് ജനങ്ങൾ വീടുകളിലേക്കു മടങ്ങിത്തുടങ്ങി. എൺപതോളം കുടുംബങ്ങൾ അഭയംതേടിയിരുന്ന ചെങ്ങമനാട് ഹയർ സെക്കൻഡറി സ്കൂളിലെ ദുരിതാശ്വാസക്യാമ്പിൽനിന്ന് ഞായറാഴ്ച ആളുകൾ വീടുകളിലേക്കു മടങ്ങി. നെടുമ്പാശ്ശേരി പഞ്ചായത്തിലെ മള്ളുശേരി ദുരിതാശ്വാസക്യാമ്പിലെ 28 കുടുംബങ്ങളും വീടുകളിലേക്കു മടങ്ങി. ചെങ്ങമനാട്ടെ മറ്റ് ക്യാമ്പുകളിൽനിന്നുള്ളവർ തിങ്കളാഴ്ച ക്യാമ്പ് വിടും. കുന്നുകരയിലെ അഞ്ചു ക്യാമ്പുകളിൽ മൂന്നു ക്യാമ്പുകളിൽനിന്നുള്ളവരും വീടുകളിൽ എത്തി. പുത്തൻവേലിക്കര പഞ്ചായത്തിലെ തേലതുരുത്ത്, എളന്തിക്കര എന്നിവിടങ്ങളിലെ ക്യാമ്പുകൾ തുടരുകയാണ്. ഞായറാഴ്ച സിനിമാതാരം ജയസൂര്യ ചെങ്ങമനാട് സ്കൂളിലെയും അത്താണി അസ്സീസി സ്കൂളിലെയും ക്യാമ്പുകൾ സന്ദർശിച്ചു. ചെങ്ങമനാട് 11 ചാക്ക്

അരിയും അത്താണിയിൽ രണ്ടു ചാക്ക് അരിയും ജയസൂര്യ നൽകി.

വെള്ളം കയറിമലിനമായ വീടും പരിസരവും ആരോഗ്യവകുപ്പ് ജീവനക്കാർ, ആശാ പ്രവർത്തകർ, കുടുംബശ്രീപ്രവർത്തകർ, ഡിവൈഎഫ്ഐ വളന്റിയർമാർ എന്നിവരുടെ നേതൃത്വത്തിൽ ശുചീകരിച്ചു.